LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സുകൾ

139 [142] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് താമസിക്കുവാനാവശ്യമായ ക്വാർട്ടേഴ്സുകൾ പലതും തകർന്നതുമൂലം ഡോക്ടർമാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മിക്ക ഡോക്ടർമാർക്കും താമസിക്കുവാനുള്ള ക്വാർട്ടേഴ്സുകൾ തകർന്നത് നന്നാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്വാർട്ടേഴ്സുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ചില സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഡോക്ടർമാരുടെ ക്വാർട്ടേഴ്സുകൾ താമസയോഗ്യമല്ലാത്ത നിലയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്.

കൊടുവള്ളി, നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഒഴിവുകൾ നികത്തുവാൻ നടപടി

140 [143] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം തസ്തികയിലാണ് ഇപ്പോൾ ജീവനക്കാർ ഇല്ലാത്തത്;

(സി) ഈ തസ്തികകളിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പതിനെട്ടും നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അറുപത്തിയൊൻപതും തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്.